പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1814   14/08/2017 ൽ മറുപടിയ്ക്ക്

## വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| | ചോദ്യം<br>ഡോ.എം.കെ.മുനീർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ( ഡി.വൈ.എസ്.പി., സി.ഐ. റാങ്കുകളിൽ) എത്ര തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാർ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥർക്കും എക്സിക്യൂട്ടീവ് സ്റ്റാഫിനും ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തികാനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | വിജിലൻസിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർക്ക് വൺ സ്റ്റെപ്പ് പ്രമോഷനും ഇൻസെന്റീവും നൽകുന്നത് സംബന്ധിച്ച് വിജലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് ഒരു മാസം ശരാശരി എത്ര പരാതികളാണ് അന്വേഷണത്തിന് പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കുന്നത്; | (സി) | ഒരുമാസം ശരാശരി അഞ്ഞൂറോളം പരാതികൾ പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കാറുണ്ട്. |
| (ഡി) | വിജിലൻസിൽ ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമാനുസരണം അധികാരമുള്ള ഉദ്യോഗസ്ഥരുടെ (ഡി.വൈ.എസ്.പി., സി.ഐ. റാങ്കുകളിലുളള )നിലവിലെ എണ്ണം എത്രയാണ്; | (ഡി) | ഡി.വൈ.എസ്.പി - 34<br>ഇൻസ്പെക്ടർ ഓഫ് പോലീസ് - 96 |

| | | | |
|---|---|---|---|
| (ഇ) | ബഹുമാനപ്പെട്ട സുപ്രീം കോടതി അനുവദിച്ച സമയപരിധിയായി ഒരു പരാതിക്ക് 42 ദിവസം എന്ന കണക്കിൽ ഒരു മാസം സംസ്ഥാന വിജിലൻസിന് ലഭിക്കുന്ന ശരാശരി പരാതികളുടെ എണ്ണത്തിന് ആനുപാതികമായി വിജിലൻസിൽ എത്ര അന്വേഷണ ഉദ്യോഗസ്ഥർ (ഡി.വൈ.എസ്.പി., സി.ഐ. റാങ്കുകളിലുള്ള )ആണ് വേണ്ടതെന്ന് പറയുമോ; | (ഇ) | നിലവിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിന് വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥർ അപര്യാപ്തമാണ്.വിജിലൻസിനു ലഭിക്കുന്ന പരാതികൾ എല്ലാം സുപ്രിംകോടതി വിധി പ്രകാരം പരിശോധിക്കേണ്ടവയാകണമെന്നില്ല. |
| (എഫ്) | വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാലഹരണപ്പെടാത്തതും ക്ഷമതയുള്ളതുമായ വാഹനങ്ങൾ ലഭ്യമാണോ; വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാർ ഉണ്ടോയെന്നും ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലും യൂണിറ്റുകളിലുമാണ് വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാരുടെ കുറവുള്ളതെന്നും വ്യക്തമാക്കുമോ | (എഫ്) | വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാര്യക്ഷമതയുള്ള വാഹനങ്ങൾ ലഭ്യമാണ്. എന്നാൽ ഡ്രൈവർമാരുടെ കുറവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| ക്രമ. നം | ഓഫീസ് | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, തിരുവനന്തപുരം | 1 |
| 2 | സ്പെഷ്യൽ സെൽ,തിരുവനന്തപുരം | 3 |
| 3 | ദക്ഷിണ മേഖല,തിരുവനന്തപുരം | 2 |
| 4 | തിരുവനന്തപുരം യൂണിറ്റ് | 3 |
| 5 | കൊല്ലം യൂണിറ്റ് | 2 |
| 6 | ആലപ്പുഴ യൂണിറ്റ് | 1 |
| 7 | കോട്ടയം യൂണിറ്റ് | 1 |
| 8 | ഇടുക്കി യൂണിറ്റ് | 1 |
| 9 | സ്പെഷ്യൽ സെൽ,എറണാകുളം | 1 |
| 10 | എറണാകുളം യൂണിറ്റ് | 2 |
| 11 | തൃശ്ശൂർ യൂണിറ്റ് | 1 |
| 12 | പാലക്കാട് യൂണിറ്റ് | 1 |
| 13 | മലപ്പുറം യൂണിറ്റ് | 2 |
| 14 | സ്പെഷ്യൽ സെൽ,കോഴിക്കോട് | 2 |
| 15 | കോഴിക്കോട് യൂണിറ്റ് | 1 |
| 16 | ഉത്തരമേഖല,കോഴിക്കോട് | 1 |

| | | | |
|---|---|---|---|
| (ജി) | ആവശ്യത്തിന് വാഹനങ്ങളും, ഡ്രൈവർമാരും, അന്വേഷണ ഉദ്യോഗസ്ഥരും സാമ്പത്തികാനുകൂല്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകാതെ സംസ്ഥാന വിജിലൻസിനെ ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന തന്ത്രങ്ങളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ജി) | ലഭ്യമായ ഉദ്യോഗസ്ഥരും ,മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

Rakhi T

സെക്ഷൻ ഓഫീസർ